# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 7783 | 15.7.2014-ൽ മറുപടിയ്ക്ക്

## ആഗോള താപനത്തെ ചെറുക്കുന്നതിനുള്ള പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.തിലോത്തമൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) 'ആഗോളതാപനം - മരമാണ് മറുപടി' എന്ന സന്ദേശമുയർത്തി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയ മരംനടൽപദ്ധതി ഈ സർക്കാർ തുടരുന്നുണ്ടോയെന്ന് അറിയിക്കുമോ ; | എ) 'ആഗോളതാപനം - മരമാണ് മറുപടി' എന്ന സന്ദേശമുയർത്തി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയ "ഹരിതകേരളം" എന്ന പദ്ധതി ഇപ്പോഴും തുടർന്നുവരുന്നുണ്ട്. |
| ബി) ഈ സർക്കാരിന്റെ കാലയളവിൽ ഇതിന്റെ ഭാഗമായി എത്ര മരങ്ങൾ നട്ടുയെന്ന് വ്യക്തമാക്കുമോ ; | ബി) ടി പദ്ധതിയുടെ ഒരു ഘടകമായ പാതയോരങ്ങളിൽ മരം നട്ടുപിടിപ്പിക്കുന്നതിനുള്ള "വഴിയോരത്തണൽ പദ്ധതി" മുഖേന മാത്രമേ വനം വകുപ്പ് നേരിട്ട് മരങ്ങൾ വച്ചുപിടിപ്പി ക്കുന്നുള്ളൂ. ടി വഴിയോരത്തണൽ പദ്ധതി പ്രകാരം 2011-ൽ 28,000 തൈകളും, 2012-ൽ 18,500 തൈകളും, 2013-ൽ 15,437 തൈകളും വനം വകുപ്പ് നേരിട്ട് നട്ടുപിടിപ്പിക്കുകയു ണ്ട ായി. ഈ പ്ലാന്റിംഗ് സീസണിലെ തൈനടീൽ പൂർത്തിയായിട്ടില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, മതസംഘടനകൾ, യുവജന-രാഷ്ട്രീയ സംഘടനകൾ, പത്രമാദ്ധ്യമങ്ങൾ എന്നിവ മുഖേന |

വിദ്യാർത്ഥികൾക്കും, മറ്റ് പൗരന്മാർക്കും പൊതുസ്ഥലങ്ങളിലോ, സ്വകാര്യ കൈവശസ്ഥലങ്ങളിലോ നട്ടുപിടിപ്പിക്കുന്നതിലേയ്ക്കായി "ഹരിതകേരളം" പദ്ധതിയിലെ മറ്റ് ഘടകങ്ങൾ മുഖേന വൻതോതിൽ തൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്തിട്ടുള്ളതുമാണ്. 2011-ൽ 70.44 ലക്ഷവും, 2012-ൽ 87.97 ലക്ഷവും, 2013-ൽ 83.68 ലക്ഷവും തൈകളാണ് ഇപ്രകാരം വിതരണം ചെയ്തത്. ഈ വർഷത്തെ വിതരണത്തിനായി 84 ലക്ഷത്തോളം തൈകൾ തയ്യാറാക്കിയിട്ടുള്ളതാണ്. വിതരണം പൂർത്തിയായി വരുന്നതേയുള്ളൂ.

| | |
|---|---|
| സി) ആഗോളതാപനത്തെ ചെറുക്കുന്നതിനുള്ള വനം വകുപ്പ് ആസൂത്രണം ചെയ്തിരിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | സി) ആഗോളതാപനത്തെ ചെറുക്കുന്നതിലേയ്ക്കായി വനം വകുപ്പ് ആസൂത്രണം ചെയ്തിരിക്കുന്ന പുതിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്. |

1. **<u>ഹരിതശ്രീ പദ്ധതി</u>**

പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി (Participatory Environment Action Plan – PEAP) പദ്ധതിയിൽ ഉൾപ്പെടുത്തി ഇക്കൊല്ലം മുതൽ "ഹരിതശ്രീ" പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇതുമായി

ബന്ധപ്പെട്ട് "ഒരു മനുഷ്യന് ഒരു മരം" എന്ന സംരംഭമാണ് നടപ്പിലാക്കുന്നത്. വനം വകുപ്പിൽ നിന്നും സൗജന്യമായി നൽകുന്ന തൈകൾ സംസ്ഥാനത്തെ ഓരോ വ്യക്തിയും ഒരെണ്ണമെങ്കിലും നടുന്നതും, തുടർന്ന് അതിനെ പരിപാലിച്ച് അതിജീവനം ഉറപ്പുവരുത്തുന്നതും പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഇക്കൊല്ലത്തെ

ലോക പരിസ്ഥിതിദിനമായ ജൂൺ 5-ന് 10.30 മുതൽ 11.30 വരെയുള്ള ഹരിത സമയത്ത് 19.55 ലക്ഷം വൃക്ഷത്തൈകൾ നട്ടുകൊ ണ്ട ുള്ള "ഹരിതശ്രീ" - 2014 പദ്ധതി വമ്പിച്ച ജനശ്രദ്ധ നേടി. 10 ലക്ഷം വൃക്ഷത്തൈക ൾ നട്ടുപിടിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും, ഇക്കാര്യത്തിൽ അഭൂതപൂർവ്വമായ ജനപിന്തുണ ലഭ്യമായതിനെത്തുടർന്ന്, ലക്ഷ്യമിട്ടതിന്റെ ഇരട്ടിയോളം നേട്ടം കൈവരിക്കുവാൻ കഴിഞ്ഞിട്ടു ണ്ട്. ഈ പദ്ധതി അടുത്ത വർഷവും തുടരുവാൻ ഉദ്ദേശിക്കുന്നു ണ്ട്.

2. <u>ഹരിതശ്രീ സമിതികൾ</u>

"ഹരിതശ്രീ" പദ്ധതിയുടെ ഭാഗമായുള്ള തൈനടീൽ പദ്ധതി വൻ വിജയമാണെന്ന് ക ണ്ട തിനെത്തുടർന്ന് ഹരിതശ്രീ സമിതികൾ മുഖേന ഹരിതശ്രീ പ്രസ്ഥാനത്തെ സ്ഥാപനവൽക്കരിക്കുവാൻ സാമൂഹ്യവനവൽക്കരണ വിഭാഗം ലക്ഷ്യമിടുന്നു ണ്ട്. സംസ്ഥാനത്തെ ഹരിതാഭ വർദ്ധിപ്പിച്ചും, ജൈവവൈവിധ്യം പരിപോഷിപ്പിച്ചും, ആവാസ വ്യവസ്ഥ സേവനങ്ങൾ വർദ്ധിച്ച അളവിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഊന്നൽ നൽകിക്കൊ ണ്ട് സംസ്ഥാനം അങ്ങോളമിങ്ങോളം പ്രവർത്തിക്കുന്ന ഹരിതശ്രീ യൂണിറ്റുകൾ ആരംഭിക്കുവാൻ ലക്ഷ്യമിടുന്നു ണ്ട്. പങ്കാളിത്ത വനപരിപാലനവുമായി ബന്ധപ്പെട്ട് വനം വകുപ്പിൽ നിലവിലുള്ള ജില്ലാതലത്തിലെ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി, സംസ്ഥാനതലത്തിലെ

സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി എന്നിവയുടെ മാതൃകയിൽ ജില്ലാതല ഹരിതശ്രീ സമിതികളും, സംസ്ഥാനതല ഹരിതശ്രീ സമിതികളും രൂപീകരിക്കുവാനും ലക്ഷ്യമിടുന്നു ണ്ട്.

ഹരിതവൽക്കരണം, ജൈവവൈവിധ്യ പരിപോഷണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും, ആയതിലേക്ക് താൽപര്യവും, സന്നദ്ധതയുമുള്ള വിവിധ സംഘടനകൾക്കും, സ്ഥാപനങ്ങൾക്കും, വ്യക്തികൂട്ടായ്മകൾക്കും, ജില്ലാതല ഹരിതശ്രീ കോപ്പറേറ്റീവുകളുമായി ഒപ്പുവയ്ക്കുന്ന Memorandum of Understanding (MOU)ന്റെ അടിസ്ഥാനത്തിൽ ടി പ്രവർത്തനങ്ങൾ ഏൽപ്പിച്ചുകൊടുത്ത് നടപ്പിലാക്കാനും ലക്ഷ്യമിടുന്നു ണ്ട്.

3. <u>നഗര ഹരിതവൽക്കരണ പദ്ധതി</u>

നഗരങ്ങളിലെ വിവിധ സ്ഥാപനങ്ങളിലും, തെരഞ്ഞെടുക്കപ്പെട്ട റോഡുകളിലും, സ്ഥലസൗകര്യമുള്ള എല്ലാ വീടുകളിലും വൃക്ഷം വച്ചുപിടിപ്പിച്ച് നഗരത്തെ ഹരിതാഭമാക്കുന്ന ഈ പദ്ധതിയ്ക്ക് 2014 ജൂൺ മാസം മുതൽ തുടക്കം കുറിച്ചിട്ടുള്ളതാണ്. ആയതിന്റെ വിശദവിവരങ്ങൾ ചുവടെ നൽകുന്നു.

(എ) 'അർബൻ എൻവയോൺമെന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് ഫോർ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ' എന്ന പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയതിനെത്തുടർന്ന് തിരുവനന്തപുരം കോർപ്പറേഷനിലെ വിവിധ സ്ഥലങ്ങളിൽ ഈ പ്ലാന്റിംഗ് സീസൺ മുതൽ വൃക്ഷവൽക്കരണം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു ണ്ട്. ഇതിലേയ്ക്കായി

പരിസ്ഥിതി വകുപ്പിൽ നിന്നും 70.00 ലക്ഷം രൂപ ഇതിനകം അനുവദിച്ചിട്ടുള്ളതും 30.04.2014 - വരെ 24.46 ലക്ഷം രൂപ ചെലവാക്കിയിട്ടുള്ളതുമാണ്.

(ബി). കോട്ടയം ജില്ലയിലെ കോട്ടയം - കോടിമത റോഡ് നവീകരണവുമായി ബന്ധപ്പെട്ട് വിവിധ ഭാഗങ്ങളിൽ നഗര ഹരിതവത്കരണ പദ്ധതി ആരംഭിക്കുന്നതിലേക്കുള്ള പ്രാരംഭ നടപടികൾ എടുത്തുകഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ